Deshabhimani 15/12/21

# ഊർജ സംരക്ഷണ പുരസ്കാരം സമ്മാനിച്ചു

**തിരുവനന്തപുരം**

സംസ്ഥാന സർക്കാരിന്റെ ഊർജ സംരക്ഷണ അവാർഡ് വിതരണം വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി നിർവഹിച്ചു. ഊർജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ വ്യക്തമായ അവബോധം സൃഷ്ടിക്കണമെന്ന് മന്ത്രി പറഞ്ഞു. ഈ പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന സാമ്പത്തിക ലാഭത്തെക്കുറിച്ച് സാധാരണക്കാർക്ക് കൃത്യമായ ധാരണയുണ്ടാകണമെന്നും പറഞ്ഞു.

കെഎസ്ഇബി ചെയർമാൻ ബി അശോക് അധ്യക്ഷനായി. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വി സി അനിൽകുമാർ, അനെർട്ട് സിഇഒ നരേന്ദ്രനാഥ് വെല്ലൂരി, ഇഎംസി ഡയറക്ടർ ഡോ. ആർ ഹരികുമാർ, കായംകുളം എൻടിപിസി ജനറൽ മാനേജർ എസ് കെ റാം, ഇഎംസി ജോയിന്റ് ഡയറക്ടർ എ എൻ ദിനേശ് കുമാർ എന്നിവർ സംസാരിച്ചു.

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വിഭാഗത്തിൽ പുരസ്കാരത്തിന് അർഹമായ കെഎസ്ഇബിക്ക് ഒരു ലക്ഷം രൂപ സമ്മാനിച്ചു. മറ്റുവിഭാഗങ്ങളിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് ഉദ്യോഗമണ്ഡൽ (വൻകിട ഊർജ ഉപഭോക്താവ്), മിൽമ ഡെയറി പാലക്കാട് എംആർസിഎംപിയു ലിമിറ്റഡ് (ഇടത്തരം), ഗേറ്റ്‌വേ ഐഎച്ച്സിഎൽ വർക്കല (കെട്ടിടം)യ്ക്കും ഒരുലക്ഷം രൂപ സമ്മാനിച്ചു. കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം, കാക്കനാട് നിറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ്, ഇൻഡേൻ ബോട്ടിലിങ് പ്ലാന്റ് കൊച്ചി, ബിഇഎംഎൽ പാലക്കാട് കോംപ്ലക്സ്,

എഫ് ഫൈവ് സസ്റ്റൈനബിലിറ്റി കൺസൾട്ടന്റ് കൊച്ചി, ചെറുകര ഇൻഡസ്ട്രീസ് ആലുവ, നവാൾട്ട് സോളാർ ആൻഡ് ഇലക്ട്രിക് ബോട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ജി മല്ലിക എന്നിവർക്ക് പ്രശസ്തി പത്രം സമ്മാനിച്ചു.